പലതരം മാനവികതാവാദങ്ങൾ ഉണ്ടെങ്കിലും അതിലെല്ലാം മനുഷ്യനന്മയാണ് ഉന്നംവെച്ചിട്ടുള്ളത് എന്ന് പറയുമ്പോൾ, നിലനിൽക്കുന്ന എല്ലാ മാനവികതാവാദത്തിലും മനുഷ്യൻ പുരുഷൻ മാത്രമായിരുന്നു എന്ന വിമർശം സ്ത്രീപക്ഷവാദത്തിന്റെയും ലിംഗപദവിവാദത്തിന്റെയും ഭാഗമായി ഉന്നയിക്കേണ്ടതുണ്ട്. സമൂഹത്തിൽ യുക്തി പുരുഷന്മാരുടെതെന്നും വികാരം അഥവാ യുക്തിയില്ലായ്മ സ്ത്രീകളുടെതെന്നുമുള്ള ലിംഗപദവിയുടെ കാഴ്ചപ്പാടാണുള്ളതെന്ന് തിരിച്ചറിഞ്ഞ് അഭിസംബോധന ചെയ്യാതെ തരമില്ല. ഈ നിലപാടാണ് പല ആധുനിക ഫെമിനിസ്റ്റ് ചിന്തകരും മുന്നോട്ടുവെച്ചിട്ടുള്ളത്. സ്ത്രീകളുടെ പ്രശ്നം എന്ന് പ്രത്യേകം എടുത്തുപറയേണ്ടതില്ലെന്നും അതും മനുഷ്യന്റെ പ്രശ്നം എന്ന തരത്തിൽത്തന്നെ മാനവികതയുടെ പേരിൽ അഭിസംബോധന ചെയ്യാൻ കഴിയും എന്നുമുള്ള വാദഗതികൾ ആധുനിക ഫെമിനിസ്റ്റുകൾ പാടെ നിരസിച്ചു. എന്നാൽ ആധുനികോത്തരതയിൽ മാനവികതയെ തിരിച്ചുകൊണ്ടുവരുന്ന വിധമുള്ള താത്ത്വികരണം ഉണ്ടെന്ന് പറയാവുന്ന വിധത്തിലുള്ളതാണ് ജൂഡിത്ത് ബട്‌ലർ മുന്നോട്ടുവയ്ക്കുന്ന ലിംഗപദവിയുടെ ഭവശാസ്ത്ര (ontology) നിരാസം. മുൻപത്തെ ആധുനിക നിലപാടിനെ നിരാകരിച്ചുകൊണ്ടല്ലെങ്കിലും ആ യാഥാർഥ്യത്തെ കണ്ടുകൊണ്ടുതന്നെ ലിംഗപദവിയിൽനിന്ന് അതിജീവിച്ച്, മറികടന്നുപോകുന്ന രീതിയുടെ ആവശ്യകത ബട്‌ലർ എടുത്തുകാണിക്കുന്നു. ഇത് ഒരുതരം നവമാനവികതയുടെ തത്ത്വമാണെന്ന് പലരും വായിച്ചെടുക്കുന്നുമുണ്ട്.

ലിംഗപദവി (gender) എന്ന വാക്കും ആശയവും സ്ത്രീപക്ഷ തത്ത്വങ്ങൾക്ക് അടിത്തറ കൊടുത്തവയാണ്. ആധുനി



ജൂഡിത്ത് ബട്‌ലർ





കതയുടെ അന്ത്യഘട്ടങ്ങ
ആധുനികോത്തരതയില
ലിംഗപദവി എന്ന വാക്
സാമൂഹികവിശകലന
ത്തിന്റെ ആശയസംഹി
തത്ത്വമായും രീതിശാ
സ്ത്രമായും(methodolog
നിലകൊള്ളുന്നു. ലിംഗ
ദവിയുടെ നിരാസം എ
തരത്തിലുള്ള ഒരു ആ
ആധുനികോത്തരകാ
ജൂഡിത്ത് ബട്‌ലർ നട

# ലിംഗ
# ബട്‌ല

മായ എസ്.

**വിഖ്യാത ചിന്തക**
**ആശയലോകങ്ങ**
**കവുമാണെന്നു**
**മുന്നോട്ട് വെക്ക**

ന്നു എന്നത് ശ്രദ്ധ
അൺഡൂയിങ് ജെ
(2004) എന്ന പുസ്
ബട്‌ലർ സംവദിക
സാരം, ലിംഗപദ
ലും അതൊരു പ
അഥവാ കൃത്യമാ
മാണ്, ഉണ്മയാണ
എന്നൊക്കെ ക
ആവശ്യമില്ലാത്ത
എന്നാണ്. സ്ഥി
ഹത്തോടെ അ
നടത്തി ജീവിക്ക
മനുഷ്യന്റെ ശ്ര
ഭാഗമായാണ് 
യെയും ലിംഗപ
കുറിച്ച് ചർച്ച 
എന്ന് ബട്‌ലർ 
ക്കുന്നു. ലിംഗപ
യോ എന്തിന്റെ
ആയാലും മാന
മനുഷ്യന്റെ ഭാ
ണ്ടിയുള്ളതാക

കതയുടെ അന്ത്യഘട്ടങ്ങളിലും ആധുനികോത്തരതയിലും ലിംഗപദവി എന്ന വാക്ക്, സാമൂഹികവിശകലനത്തിന്റെ ആശയസംഹിത/തത്ത്വമായും രീതിശാസ്ത്രമായും(methodology) നിലകൊള്ളുന്നു. ലിംഗപദവിയുടെ നിരാസം എന്ന തരത്തിലുള്ള ഒരു ആഹ്വാനം ആധുനികോത്തരകാലത്ത് ജൂഡിത്ത് ബട്‌ലർ നടത്തു

അവർ പ്രസ്താവിക്കുന്നത്, പുതിയ മാനവികതാവാദം ബട്‌ലറിൽ ഉണ്ട് എന്നതിന്റെ തെളിവാണ്. ജെൻഡർ ഒരു 'ചെയ്തി'യാണ് (gender is an act/doing) എന്ന് പറഞ്ഞു കൊണ്ടുള്ള പെർഫോർമാറ്റിവിറ്റി (performativity) തത്ത്വം വ്യക്തമാക്കുകയും ആ ചെയ്തി ഇല്ലായ്മ ചെയ്യുകവഴി മനുഷ്യർ ലിംഗപദവിയുടെ ലേബലുകൾ ഇല്ലാതെ മാനവികതയുടെ

അഥവാ പ്രകടനപരതയാണ് (performativity) എന്നതാണ് ബട്‌ലർ പറയുന്ന തത്ത്വം. ആധുനികതയിൽ വളർന്ന ഐഡന്റിറ്റി പൊളിറ്റിക്സ് അപ്പാടെ തകിടം മറിക്കുക എന്ന ഈ രീതി, 1990- ൽ പ്രസിദ്ധീകരിച്ച ജെൻഡർ ട്രബ്ൾ എന്ന ആദ്യപുസ്തകത്തിലൂടെതന്നെ ബട്‌ലർ അവതരിപ്പിക്കുന്നുണ്ട്. ലിംഗപദവി എന്ന സൈദ്ധാന്തിക

# ലിംഗവ്യത്യാസവും പദവിയും; ബട്‌ലറുടെ വിയോജിപ്പുകൾ

**മായ എസ്.**

**വിഖ്യാത ചിന്തകയും ആക്ടിവിസ്റ്റുമായ ജൂഡിത്ത് ബട്‌ലറുടെ മാനവികതയെ മുൻനിർത്തിയുള്ള ആശയലോകങ്ങളിലൂടെ സഞ്ചരിക്കുന്ന പഠനം. ലിംഗവ്യത്യാസം ജീവശാസ്ത്രപരവും ലിംഗപദവി സാമൂഹികവുമാണെന്നുള്ള ചിന്തകളെ റദ്ദാക്കുന്ന ബട്‌ലർ അത്തരം വ്യത്യാസങ്ങളില്ലാത്ത ഒരു മാനവികതയെ മുന്നോട്ട് വെക്കുന്നു.**

ന്നു എന്നത് ശ്രദ്ധേയമാണ്. അൺഡൂയിങ് ജെൻഡർ (2004) എന്ന പുസ്തകത്തിലൂടെ ബട്‌ലർ സംവദിക്കുന്നതിന്റെ സാരം, ലിംഗപദവിയായാലും അതൊരു പദവിയാണ് അഥവാ കൃത്യമായ അസ്തിത്വമാണ്, ഉണ്മയാണ്, തന്മയാണ് എന്നൊക്കെ കരുതുന്നത് ആവശ്യമില്ലാത്ത കാര്യമാണ് എന്നാണ്. സ്ഥിരോത്സാഹത്തോടെ അതിജീവനം നടത്തി ജീവിക്കുന്നതിനുള്ള മനുഷ്യന്റെ ശ്രമത്തിന്റെ ഭാഗമായാണ് ലൈംഗികതയെയും ലിംഗപദവിയെയും കുറിച്ച് ചർച്ച ചെയ്യുന്നത് എന്ന് ബട്‌ലർ വ്യക്തമാക്കുന്നു. ലിംഗപദവിയുടെയോ എന്തിന്റെതന്നെയോ ആയാലും മാനദണ്ഡങ്ങൾ മനുഷ്യന്റെ ഭാവിക്കുവേണ്ടിയുള്ളതാകണം എന്ന് അടിസ്ഥാനത്തിൽ സ്വതന്ത്രമായി തുല്യജീവിതം നയിക്കാൻ പ്രാപ്തരാവുകയും വേണം എന്നതാണ് ആ മാനവികതാവാദം.

'മനുഷ്യൻ ആയിരിക്കുക' (being human) എന്നതിന്റെ സാധ്യതകൾ എല്ലാം തുറന്നിടുകയാണ് വേണ്ടത് എന്നതിനാൽ 'ലിംഗപദവിയിൽ ആയിരിക്കുക' (being gendered) എന്നത് ബട്‌ലർ നിരസിക്കുന്നു. ഒരു പുതു മാനവികതാവാദത്തിന്റെ രീതിയിലുള്ള ലിംഗപദവി ഭവശാസ്ത്രത്തിന്റെ(gender ontology) നിരാസം എന്ന നിലയ്ക്ക് ഇതിനെ വായിച്ചെടുക്കാം. യാതൊന്നും ഏതൊരവസ്ഥയും അതായി ഭവിക്കുന്നില്ല അഥവാ എക്സിസ്റ്റ് ചെയ്യുന്നില്ല. പക്ഷേ, എല്ലാം ചെയ്തിയാണ്

അൺഡൂയിങ് ജെൻഡർ




ആശയത്തിലൂടെ സമൂഹത്തിലെ അസമത്വങ്ങളെ വിശകലനവിധേയമാക്കാൻ കഴിഞ്ഞു എന്ന ഫെമിനിസ്റ്റ് ചിന്തയെ അപ്പാടെ പ്രശ്നവത്കരിക്കുന്ന തത്ത്വമാണ് ബട്‌ലർ മുന്നോട്ടുവയ്ക്കുന്നത്. സ്ത്രീത്വത്തിന്റെയും(femininity) പൗരുഷത്തിന്റെയും(masculinity) സാമൂഹികനിയമാവലിയനുസരിച്ചുള്ള ലക്ഷണങ്ങളും ഗുണഗണങ്ങളും തിരുത്തിയെഴുതാനായിട്ടാണെങ്കിലും സ്ത്രീപുരുഷ ദ്വന്ദ്വം ഉണ്ട് എന്ന് അംഗീകരിച്ചുകൊണ്ടുതന്നെയാണല്ലോ അതില്ലായ്മ ചെയ്യാൻ ശ്രമിക്കുന്നത്. എന്നാൽ അങ്ങനെയുള്ള ദ്വന്ദ്വം ഇല്ല എന്ന ക്വീയർ സിദ്ധാന്തമാണ് ബട്‌ലർ മുന്നോട്ടുവയ്ക്കുന്നത്. അതിൽ മനുഷ്യന്റെ മനസ്സിന്റെമാത്രമല്ല ശരീരത്തിന്റെകൂടിയും അനന്ത ▶

സാധ്യതകൾ തുറന്നിടുകയാണ് ചെയ്യുന്നത്. ബോഡീസ് ദാറ്റ് മാറ്റർ (1993) എന്ന കൃതിയിലൂടെ ബട്‌ലർ ഇതിന്റെ വിശദീകരണം നൽകുന്നുണ്ട്. ഇങ്ങനെ പലവിധത്തിലും ബട്‌ലറുടെ സാമൂഹികസിദ്ധാന്തങ്ങൾ ചെയ്യുന്നത് ആത്യന്തികമായി ഒരുതരത്തിലുള്ള മാനവികതാവാദംതന്നെയാണ് എന്ന് കാണാം.



ജെൻഡർ ട്രബിൾ



ബോഡീസ് ദാറ്റ് മാറ്റർ

## ലിംഗപദവിയുടെ നിരാസം

പാശ്ചാത്യ തത്ത്വചിന്തയിൽ, പ്രാചീന ഗ്രീക്ക്ചിന്തകരുടെ കാലംമുതലിങ്ങോട്ട് രണ്ട് സഹസ്രാബ്ദങ്ങൾ പിന്നിട്ട ചിന്താപദ്ധതികളിൽ, എന്താണ് ആത്യന്തിക യാഥാർഥ്യം, എന്തൊക്കെയാണ് യാഥാർഥ്യമായി ഭവിച്ചിട്ടുള്ളത്/ എക്സിസ്റ്റ് ചെയ്യുന്നത്, എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് തേടിയത്. ഇതിനെ അതിഭൗതികതാവാദം(metaphysics), ഭവശാസ്ത്രം(ontology) എന്നിങ്ങനെയൊക്കെ പേരിട്ടുവിളിക്കുന്നു. ക്രിസ്തുവിനുമുൻപുണ്ടായിട്ടുള്ള യവനചിന്തകർ ഈ ആത്യന്തിക യാഥാർഥ്യം ജലമാണെന്നും അഗ്നിയാണെന്നും മറ്റും നിലപാടെടുക്കുകയുണ്ടായി. ഈ ചർച്ച, മനസ്സാണോ ശരീരമാണോ ആത്യന്തിക യാഥാർഥ്യം എന്ന തരത്തിൽ ആശയവാദവും(idealism) ഭൗതികവാദവും(materialism) ആയി വികസിച്ചു. ആധുനിക ചിന്തയുടെ പിതാവ് എന്നറിയപ്പെടുന്ന റെനേ ദെക്കാർത്തെയുടെ വരവോടെ, മനസ്സും ശരീരവും രണ്ടും ആത്യന്തിക യാഥാർഥ്യം ആയിട്ടുള്ള ദ്വന്ദ്വചിന്തയിലും(dualism/binary) സാമൂഹികവിശകലനത്തിന്റെ സൈദ്ധാന്തിക പ്രവർത്തനങ്ങൾ ഉടക്കിനിന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും പകുതിയോടെയും ഇത്തരം അതിഭൗതിക വാദത്തിനെ നിഷേധിക്കുന്ന ചിന്തകൾ ഉരുത്തിരിഞ്ഞുവന്നുകൊണ്ടിരുന്നു. അതായത് എന്താണ് ആത്യന്തികമായ യാഥാർഥ്യം എന്ന് ചിന്തിക്കുന്ന രീതി ആവശ്യമില്ല എന്നും മനുഷ്യന്റെ അസ്തിത്വം, മനുഷ്യന്റെ അനുഭവം, മനുഷ്യന്റെ ഇന്ദ്രിയസംവേദനത്താൽ ശാസ്ത്രീയമായി തെളിയിക്കാൻ പറ്റുന്നത്, എന്നതൊക്കെ മാത്രമാണ് തത്ത്വചിന്തയ്ക്ക് ആധാരം എന്നും വാദങ്ങൾ വന്നു. അസ്തിത്വവാദം (existentialism), പ്രതിഭാസവിജ്ഞാനീയം(phenomenology), പോസിറ്റീവിസം, പ്രാഗ്മാറ്റിസം തുടങ്ങിയ തത്ത്വചിന്താധാരകൾ ഇങ്ങനെയുള്ളവയാണ്. ഇതിന്റെ പാരമ്യത്തിലുള്ള ആധുനികോത്തര ചിന്തകൾ ആണ് മിഷേൽ ഫൂക്കോയും ജൂഡിത്ത് ബട്‌ലറുമൊക്കെ മുന്നോട്ടുവയ്ക്കുന്നത്. അതിഭൗ

**ജീവശാസ്ത്രപരമായതാണ് ലിംഗവ്യത്യാസമെന്നും സാമൂഹികനിർമിതിയാണ് ലിംഗപദവിയെന്നുമുള്ളഫെമിനിസ്റ്റ്തത്ത്വം ബട്‌ലർ നിരാകരിക്കുന്നു. ശരീരത്തെ ജൈവികമായ ഒന്നായിട്ടുള്ള യാഥാർഥ്യമായി പറയാനാവില്ല എന്നതാണ് അവരുടെ തത്ത്വം.**

തികചിന്തയും ഭവപരതയുടെ ചിന്തയും പാടെ നിഷേധിക്കുന്നതാണ് ആധുനികോത്തര ചിന്തകൾ. ആ തത്ത്വചിന്തയുടെ രീതിയിൽ പല ചിന്തകർ പലവിധത്തിൽ അടിസ്ഥാനവാദങ്ങളെ പൊളിച്ചെഴുതുന്നു. അടിസ്ഥാനവാദങ്ങളുടെ നിരാസവും(antifoundationalism) സത്താവാദത്തിന്റെ നിരാസവും(antiessentialism) ഇതിന്റെ പ്രധാന താത്ത്വികനിലപാടുകളാണ്. ആധുനികോത്തരതയിൽ ഉയർന്നുവന്ന തത്ത്വചിന്തകളിൽ പ്രധാനപ്പെട്ട ഒന്നാണ് ജൂഡിത്ത് ബട്‌ലർ മുന്നോട്ടുവയ്ക്കുന്ന, ലിംഗപദവിയുടെ ഭവശാസ്ത്ര നിരാസം.



റെനേ ദെക്കാർത്തെ

മിഷേൽ ഫൂക്കോയുടെ വ്യവഹാര വിശകലനം (discourse analysis) അടിസ്ഥാനമാക്കിയുള്ള സാംസ്കാരിക സാമൂഹികവിമർശം ജൂഡിത്ത് ബട്‌ലറിൽ കാണാമെങ്കിലും അവരുടെതായ സിദ്ധാന്തം ബട്‌ലർ ലിംഗപദവി പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ മെനയുന്നുണ്ട്. ലിംഗപദവിയുടെ ഭവശാസ്ത്ര നിരാസം എന്നതിലേക്ക് ബട്‌ലർ എത്തുന്നത് ജെൻഡർ ട്രബിൾ എന്ന ആശയം മുന്നോട്ടുവയ്ക്കുന്ന തന്റെ പുസ്തകത്തിലെ വാദഗതികളിലൂടെയാണ് (*Gender Trouble*, 1990). ലിംഗപദവിയെക്കുറിച്ചുള്ള ആദ്യത്തെ ആശയക്കുഴപ്പം ആധുനിക ഫെമിനിസ്റ്റ് സിദ്ധാന്തവത്കരണത്തിലാണ് എന്ന് പറഞ്ഞുകൊണ്ടാണ് ബട്‌ലർ തുടങ്ങുന്നത്. അതായത്, ആധുനികതത്ത്വചിന്തയുടെ കാതലായ ദ്വന്ദ്വാത്മകതയുടെ(dualism/binary/ dichotomy) സ്വാധീനം ഫെമിനിസ്റ്റ് സൈദ്ധാന്തികതയിലും ഉള്ളതായി അവർ ചൂണ്ടിക്കാണിക്കുന്നു. ജീവശാസ്ത്രപരമായതാണ് ലിംഗവ്യത്യാസമെന്നും(sex is biological) സാമൂഹികനിർമിതിയാണ് ലിംഗപദവിയെന്നുമുള്ള(gender is social construction) ഫെമിനിസ്റ്റ്തത്ത്വം ബട്‌ലർ നിരാകരിക്കുന്നു. ശരീരത്തെ ജൈവികമായ ഒന്നായിട്ടുള്ള യാഥാർഥ്യമായി പറയാനാവില്ല എന്നതാണ് അവരുടെ തത്ത്വം. ആധുനിക ഫെമിനിസ്റ്റുകൾ തത്ത്വവത്കരിച്ചതുപോലെ സ്ത്രീ, പുരുഷൻ എന്ന ദ്വന്ദ്വം, ദ്വന്ദ്വാത്മകതയുടെ വിപരീതാത്മക യാഥാർഥ്യം(oppositional binaries), എന്നിവ ബട്‌ലർ നിരാകരിക്കുന്നു.

സ്ത്രീ എന്ന ഏകതാനമായ അസ്തിത്വത്തിന്റെ അടിസ്ഥാനത്തിൽ ലിംഗപദവി പ്രശ്നങ്ങളെ സമീപിക്കാൻ പറ്റില്ലെന്നും ഇത് ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെ സത്താവാദപരമായ (essentialist ) പ്രശ്നമാണെന്നും അവർ പറയുന്നു. എന്നാൽ, ഇത്തരമൊരു നിലപാട് സ്ത്രീപക്ഷ രാഷ്ട്രീയത്തിന്റെ

ആദ്യചുവടായി ആവശ്യമായിട്ടുള്ളതാണ് എന്ന കാര്യം ബട്‌ലർ നിഷേധിക്കുന്നുമില്ല. ഏകതാനമായ സ്ത്രീസത്തയും സ്ത്രീപ്രശ്നവും ഇല്ല എന്നും വിവിധ ചുറ്റുപാടുകളിലുള്ള സ്ത്രീകൾ വിവിധ പ്രശ്നങ്ങളാണ് അനുഭവിക്കുന്നത് എന്നതിനാൽ ജാതി, മതം, നിറം, വർഗം, ലിംഗപദവി തുടങ്ങി പല കാര്യങ്ങളുടെ സ്വാധീനം വിശകലനം ചെയ്തുകൊണ്ട് മാത്രമേ സ്ത്രീപ്രശ്നത്തെ അഭിസംബോധന ചെയ്യാൻ പറ്റുകയുള്ളൂ എന്നും പറയുന്ന ആധുനികോത്തരതയുടെ ലിംഗപദവി സിദ്ധാന്തം ബട്‌ലർ കൊണ്ടുവരുന്നു. ഇതിലൂടെ ഇന്റർസെക്ഷണാലിറ്റി (intersectionality) എന്ന വിശകലനാത്മക ആശയത്തിന്റെ സാധ്യതകൾ സാമൂഹിക ശാസ്ത്രപഠനത്തിനും പ്രത്യേകിച്ച് ലിംഗപദവി പഠനത്തിനും പ്രദാനം ചെയ്യുന്നു. ലിംഗപദവി പ്രശ്നങ്ങളുടെ പരസ്പരബന്ധിതമായ ബഹുസ്വരതലങ്ങൾ തുറന്ന് കാണിക്കുന്നതിലൂടെ ഏകതാനമായ സ്ത്രീസങ്കല്പം മാത്രമല്ല, ഏകതാനമായ ഏത് അസ്തിത്വത്തിന്റെയും സങ്കല്പങ്ങൾ തകിടം മറിക്കുകയാണ് ബട്‌ലർ ചെയ്യുന്നത്. ഏകതാനമായ ശരീരത്തിന്റെയും ലിംഗപദവിയുടെയും ഭവപരതയെ നിരാകരിക്കുകവഴി സാമൂഹിക ശാസ്ത്രപഠനത്തിന്റെ രീതിശാസ്ത്രത്തിനുതന്നെ ഒരു പുതിയ താത്ത്വിക പ്രതലം ബട്‌ലർ പ്രദാനം ചെയ്യുന്നു. അതായത്, ലിംഗപദവി എന്ന് മാത്രമല്ല എന്ത് തന്നെയെടുത്താലും അതിനെക്കുറിച്ചുള്ള നമ്മുടെ ബോധ്യം അതിന്റെ ഭവപരത അംഗീകരിച്ചുകൊണ്ടാണ് എന്ന വിമർശം ബട്‌ലറിയൻ ചിന്തയിലൂടെ ഉണ്ടാകും. നമ്മൾ ഒരു കാര്യത്തെക്കുറിച്ച് ഒരു വസ്തുവിനെക്കുറിച്ച്, ഒക്കെ വിശകലനം നടത്തുന്നത് 'അത് ഉള്ള ഒന്നാണ്' എന്നുള്ള മുൻധാരണയിലാണ്. ഉള്ളതാണോ, എങ്ങനെ അത് ഉള്ളതായി, എന്നൊക്കെ ചിന്തിച്ചാൽ, യഥാർഥത്തിൽ അതിന്റെ ഉണ്മ, അസ്തിത്വം എന്നതൊക്കെ ഉള്ളതല്ലെന്നും ഉണ്ടാക്കപ്പെട്ടതാണെന്നും തിരിച്ചറിയാം.

ഇങ്ങനെയുള്ളതൊക്കെ യാഥാർഥ്യങ്ങളെന്ന തരത്തിൽ 'ഉണ്ടാക്കപ്പെടുന്നത്' എങ്ങനെയെന്ന ചർച്ചയിലാണ് ആധുനികോത്തരചിന്തയിൽ ബട്‌ലർ വ്യത്യസ്തത കൊണ്ടുവരുന്നത്. അതിന്റെ രീതി സാമൂഹികനിർമിതിയെന്ന് പറയുന്നിടത്ത് ബട്‌ലർ നിൽക്കുന്നില്ല. എങ്ങനെയാണ് സാമൂഹിക നിർമിതി നടക്കുന്നത് എന്ന ചോദ്യം വീണ്ടും നമുക്ക് ചോദിക്കാമെന്നതാണ് ബട്‌ലറിൽ കാണുന്ന വ്യത്യസ്തത. ശരീരവും ലിംഗപദവിയും തനിമയും ഉണ്മയും എല്ലാം പ്രകടനപരതയുടെ എന്ന് പറയാവുന്ന പെർഫോർമറ്റിവിറ്റി(Performativtiy) മൂലമാണ് ഉണ്ടാകുന്നത് എന്നാണ് ബട്‌ലർ സിദ്ധാന്തിക്കുന്നത്. ഉണ്ടാകുക, ഉണ്ടാക്കപ്പെടുക എന്നീ വാക്കുകൾ ശ്രദ്ധിച്ചാൽ ബട്‌ലർ പറയുന്ന സിദ്ധാന്തം കൂടുതൽ മനസ്സിലാക്കാം. ഇവിടെ പ്രധാനമായും ശ്രദ്ധിക്കേണ്ടത്, ഉള്ളത് എന്ന തരത്തിൽ ഒന്നുമില്ല എന്നും എല്ലാം ഉണ്ടാകുന്നതും ഉണ്ടാക്കപ്പെടുന്നതും എന്ന തരത്തിൽ മാത്രമേ മനസ്സിലാക്കാനാവൂ എന്നുമാണ്. ഇത്തരത്തിൽ ആധുനിക കാലത്ത് സിമോൺ ഡി ബുവെ പറഞ്ഞ വാക്യത്തിലെ ഉണ്ടാകുക/ഉണ്ടാക്കപ്പെടുക (being and becoming) എന്ന ആശയത്തെ ബട്‌ലർ അംഗീകരിക്കുന്നു. സ്ത്രീ സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീയാക്കപ്പെടുകയാണ്, എന്ന തത്ത്വത്തിലാണ് ബുവെ 'ഉള്ളത് /ഉണ്ടാക്കപ്പെടുന്നത്' എന്ന ഭവപരമായ ചർച്ച തുടങ്ങുന്നത്.

ബട്‌ലർ ഇതേ തത്ത്വത്തെ ശരീരത്തിന്റെ മുകളിൽ കൂടുതൽ വിശദമായി ചാർത്തുന്നു. ഉദാഹരണത്തിന് ഒരു കുട്ടി ജനിക്കുമ്പോൾ ഡോക്ടറോ നഴ്സോ 'ആൺകുട്ടിയാണ്/ പെൺകുട്ടിയാണ്' എന്ന് പ്രഖ്യാപിക്കുക എന്ന പ്രവൃത്തി(act) ചെയ്യുക വഴി, ആ നവജാത ശരീരത്തിന്റെ ലൈംഗികതയും ലിംഗപദ ▶



മിഷേൽ ഫൂക്കോ

**ശരീരവും ലിംഗപദവിയും തനിമയും ഉണ്മയും എല്ലാം പ്രകടനപരതയുടെ എന്ന് പറയാവുന്ന പെർഫോർമറ്റിവിറ്റിമൂലമാണ് ഉണ്ടാകുന്നത് എന്നതാണ് ബട്‌ലർ സിദ്ധാന്തിക്കുന്നത്. ഉണ്ടാകുക, ഉണ്ടാക്കപ്പെടുക എന്നീ വാക്കുകൾ ശ്രദ്ധിച്ചാൽ ബട്‌ലർ പറയുന്ന സിദ്ധാന്തം കൂടുതൽ മനസ്സിലാക്കാം.**




destroy sexual identity of your children- എന്ന സന്ദേശമുള്ള, ജൂഡിത് ബട്‌ലറുടെ പേരെഴുതിയ പോസ്റ്ററുമായി സാവോപോളോയിൽ നടന്ന പ്രകടനം

▸വിയും മുഴുവൻ ഭാവിയും അവിടെ നിർണയിക്കപ്പെടുകയും മറ്റ് സാധ്യതകളുടെ അടസ്സൽ(closure) അതോടെ നടക്കുകയും ചെയ്യുന്നു എന്ന് ബട്‌ലർ സൂചിപ്പിക്കുന്നു. ശരീരം സ്ത്രീയോ പുരുഷനോ ആകുന്നതുതന്നെ ജനനസമയത്ത് ഇതൊരു ആൺകുട്ടിയാണ് എന്നോ പെൺകുട്ടിയാണ് എന്നോ ഉരിയാടുക വഴിയാണ് എന്നതാണ് വാദം. ഇങ്ങനെ വാദിക്കുകവഴി, ഭാഷയുടെ പ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ ബട്‌ലർ പുതിയൊരു ഭവശാസ്ത്രം സിദ്ധാന്തിക്കുന്നു. എല്ലാം ഉണ്ടാകുന്നതാണ്, ഒന്നും ഉള്ളതല്ല, ഉണ്ടാകുന്നത് ഭാഷ വഴിയാണ് എന്ന വാദഗതിയാണ്, പെർഫോർമറ്റിവിറ്റിയുടെ ചർച്ച നയിക്കുന്നതും ഉണ്ടാക്കപ്പെടുന്നതും ആയിത്തീരുന്നതുമായ ശരീരങ്ങളും ലിംഗപദവികളും എങ്ങനെയാണ് ഉണ്ടാക്കപ്പെടുന്നതും ആയിത്തീരുന്നതും, എന്നതിലാണ് ബട്‌ലർ തത്ത്വചിന്താപരമായ ആധുനികോത്തരതയിൽ വേരിട്ടുനിൽക്കുന്നത്.ഇത്സാമൂഹികനിർമിതിയെന്ന തരത്തിലല്ല, പ്രകടനപരത എന്നോ പ്രവൃത്തിപരത എന്നോ വിളിക്കാവുന്ന പെർഫോർമാറ്റിവിറ്റി ആണ് എന്ന് ബട്‌ലർ വാദിക്കുന്നു. നിലനിന്ന ആധുനികോത്തര ഫെമിനിസ്റ്റ് ചിന്തയെയും ഇതുവഴി അവർ തകിടംമറിക്കുന്നുണ്ട്. ലിംഗം(sex) ജീവശാസ്ത്രപരവും ലിംഗപദവി(gender) സാമൂഹികനിർമിതിയും ആണ് എന്ന ഫെമിനിസ്റ്റ് തത്ത്വത്തെ അവർ നിരാകരിച്ചുകൊണ്ട്, രണ്ടും ഭവശാസ്ത്രപരമായി നിലവിലില്ലാത്തതാണ് എന്നും ആവർത്തനപരമായ ചെയ്തികളുടെ (parody) അഥവാ പെർഫോർമാറ്റിവിറ്റിയുടെ ഫലം മാത്രമാണെന്നും ബട്‌ലറിൽ വായിച്ചെടുക്കാം.

അതായത്, ലിംഗപദവി എന്നത് ഉള്ളത് അല്ല, അത് മനുഷ്യരുടെ പെർഫോർമറ്റിവിറ്റിയുടെ ഫലമായി ഉണ്ടാകുന്നതാണ് എന്നാണ് ബട്‌ലർ പറയുന്നത്. ഒന്നും തന്നെ ഉള്ളതായി ഭവിക്കുന്നില്ല, എന്ന തരത്തിൽ ഈ തത്ത്വത്തെ എന്തിന്റെയും ഭവപരതയുടെ നിരാസത്തിന് ഉപയോഗിക്കാം. എല്ലാം ഉണ്ടാകുന്നത് ഒരു പ്രവൃത്തി അഥവാ ചെയ്യൽ (act, or doing) എന്ന പെർഫോർമറ്റിവിറ്റി ആണ്. ഇത് ഭാഷ ഉച്ചരിക്കുക എന്ന പ്രവൃത്തി വഴിയുമാണ് എന്ന് സിദ്ധാന്തിക്കുകവഴി, ബട്‌ലർ ഭാഷാപരമായ തത്ത്വചിന്തയുടെ ഭവശാസ്ത്രം അംഗീകരിക്കുന്നതായികാണാം. ഭാഷ ഭവിക്കുന്നുണ്ട് എന്ന ഓന്റോളോജിക്കൽ മുൻനിലയെടുക്കാതെ, ലിംഗപദവിയുടെയും മറ്റെന്തിന്റെയും ഭവപരത(ontological status)യെ നിരാകരിക്കുന്ന വഴി വിശദീകരിക്കാൻ ബട്‌ലറിന്റെ പെർഫോർമറ്റിവിറ്റി തത്ത്വത്തിനാകുന്നുമില്ല എന്ന വിരോധാഭാസം കാണേണ്ടതുണ്ട്. ഭാഷാതത്ത്വചിന്തകരുടെ വാദഗതി പോലെ, ഭാഷയാണ് ആത്യന്തികമായ യാഥാർഥ്യം എന്ന പോലെയുള്ള ഭവശാസ്ത്രം ബട്‌ലറിന്റെ സിദ്ധാന്തവത്കരണത്തിലുണ്ട് എങ്കിലും ആധുനികോത്തരതയുടെ താത്ത്വിക എന്ന നിലയിൽ അവരുടെതായ സംഭാവന ഭവശാസ്ത്രനിരാസത്തിന്റേതാണെന്ന് പറയേണ്ടി വരും. ഈ രീതിശാസ്ത്രം(methodology), ജ്ഞാനശാസ്ത്ര സാധ്യത(epistemological possibiltiy), എന്തിന്റെയും അർഥശൂന്യതയെയും മനുഷ്യന്റെ നശ്വരതയെയും അടിസ്ഥാനമാക്കിയുള്ള ഒരു നവമാനവികത വിഭാവനം ചെയ്യുന്നതായി കാണാം.



സിമോൺ ഡി ബുവെ

**കുട്ടി ജനിക്കുമ്പോൾ ഡോക്ടറോ നഴ്സോ 'ആൺകുട്ടിയാണ്/ പെൺകുട്ടിയാണ്' എന്ന് പ്രഖ്യാപിക്കുക എന്ന പ്രവൃത്തി ചെയ്യുക വഴി, നവജാത ശരീരത്തിന്റെ ലൈംഗികതയും ലിംഗപദവിയും ഭാവിയും അവിടെ നിർണയിക്കപ്പെടുകയും മറ്റ് സാധ്യതകളുടെ അടയ്ക്കൽഅതോടെ നടക്കുകയും ചെയ്യുന്നു.**

തത്ത്വചിന്തക എന്ന നിലയിൽ ബട്‌ലർ നടത്തുന്ന ഭവശാസ്ത്രപരമായ നിരാസത്തിന്റെ വാദഗതി സൈദ്ധാന്തിക വാചാടോപമായി കാണാൻ കഴിയില്ല എന്ന നിലയ്ക്കാണ് അതിൽ നവമാനവികതയുടെ അനുരണനങ്ങൾ വായിച്ചെടുക്കുന്നതുതന്നെ. ജൂഡിത്ത് ബട്‌ലറിന്റെ ഈ വാദഗതിയിൽ, ലിംഗപദവിയുടെ ഭവപരനിരാസത്തിനാൽ ഏതൊരു ലിംഗപദവിയാണ് ഒരാൾക്കുള്ളത് എന്നത് ഒരു പ്രശ്നമോ കാര്യമോ തന്നെയായി എടുക്കാത്തവിധം എല്ലാ മനുഷ്യരുടെയും തുല്യത ഉറപ്പുവരുത്തുന്ന സമീപനം സാധ്യമായേക്കുമെന്നുള്ള നിഗമനം ഉള്ളതായിക്കാണാം. അതിനാൽ ബട്‌ലറിന്റെ തത്ത്വം മാനവികത ഉൾക്കൊള്ളുന്നതാണ് എന്ന് വായിച്ചെടുക്കാം. ഇതിന്റെ മറ്റൊരു വായന, സ്ത്രീത്വത്തിന്റെയും പൗരുഷത്തിന്റെയും പല ലിംഗപദവിയിലുള്ള അസ്തിത്വങ്ങളുടെയും ഭവപരതയെ നിരാകരിക്കുക വഴിയേ ഒരു പുതുമാനവികതയുടെ സാധ്യതയുള്ളൂ എന്നതാണ്.

പല ചിന്തകർ പല വിധത്തിൽ ബട്‌ലറിൽ നവമാനവികതയുടെ ആശയങ്ങൾ വായിച്ചെടുക്കുന്നുണ്ട്. മതമോ സംസ്കാരമോ മറ്റ് തത്ത്വചിന്തകളോ ഉയർത്തിയ മൂല്യങ്ങളെയോ യുക്തിയെയോ സ്വാതന്ത്ര്യസമത്വ ആദർശങ്ങളെയോ അടിസ്ഥാനമാക്കിയുള്ള മാനവികതയുടെതിൽനിന്ന് വ്യത്യസ്തമായി, ശരീരത്തിന്റെ അനിശ്ചിതത്വവും ദൗർബല്യവും (precariousness and vulnerability) അടിസ്ഥാനമാക്കിയുള്ളതാണ് ബട്‌ലറിന്റെ നവമാനവികത. അതിനാൽ ഇതിനെ കോർപോറിയാൽ ഹ്യൂമനിസം (corporeal humanism) എന്ന് ചിലർ

വിശേഷിപ്പിക്കുന്നു. സ്ത്രീപക്ഷ തത്ത്വവത്കരണത്തിൽ ശാരീരികാടിസ്ഥാനത്തിലുള്ള ഒരു നവമാനവികതയുടെ തുടക്കം ബട്‌ലർ ചെയ്യുന്നു എന്ന് ആൻ മർഫി പറയുന്നു (Murphy, 2011). ബോണി ഹോണിഗ് എന്ന സൈദ്ധാന്തിക ബട്‌ലറുടെ നവമാനവികത, മുൻപുണ്ടായിരുന്നിട്ടുള്ളവിധം റേഷനാലിറ്റിയുടെ അടിസ്ഥാനത്തിലുള്ളതല്ല എന്നും മനുഷ്യന്റെ മോർട്ടാലിറ്റിയുടെ (mortality) അടിസ്ഥാനത്തിലുള്ളതാണെന്നും നിരീക്ഷിക്കുന്നു.

യുക്തിപരതയെ അപേക്ഷിച്ച് മനുഷ്യന്റെ ജീവിതത്തിന്റെ അനിശ്ചിതത്വവും അതേസമയം മരണത്തിന്റെ സുനിശ്ചിതത്വവും ആധാരമാക്കിയുള്ള മനുഷ്യനന്മയ്ക്കുവേണ്ടിയുള്ള നീതിശാസ്ത്രപരമായ തിരിവാണ് (ethical turn) ബട്‌ലർ മുന്നോട്ടുവയ്ക്കുന്നത് എന്ന് ഹോണിഗ് വാദിക്കുന്നു (Honig, 2010). ഇത് ബട്‌ലറിന്റെ, അടിസ്ഥാനവാദത്തിന് വിമർശനാത്മകമായ (antifoundationalist) ഭവശാസ്ത്രനിരാസം എന്ന താത്ത്വികനിലപാടിന് വിരോധാഭാസമാകുംവിധമുള്ള ഒന്നാണെന്ന് ഹോണിഗ് നിരീക്ഷിക്കുന്നു. ബട്‌ലർ കഴിഞ്ഞ രണ്ട് ദശകങ്ങളിൽ എഴുതിയ പല കൃതികളിലൂടെയും (*Antigone's Claim*, 2000; *Undoing Gender*, 2004; *Precarious Life*, 2005; *Frames of War*, 2009, ) ഒരുതരം മാനവികതയുടെ അടിസ്ഥാനവാദം മുന്നോട്ടുവയ്ക്കുന്നതായി വിമർശിച്ചുകൊണ്ടാണ് ചിലർ, ഇത് മുൻപ് ബട്‌ലർതന്നെ പറഞ്ഞ ആന്റിഫൗണ്ടേഷണലിസത്തിന് വിരോധാഭാസമാണ് എന്ന് പറയുന്നത്.

എന്നാൽ ബട്‌ലറുടെ വിമർശകർ, രാഷ്ട്രീയം, നീതിശാസ്ത്രം, ഭവശാസ്ത്രം എന്നിവയെ കൂട്ടിക്കലർത്തി നിസ്സാരവത്കരിച്ചുകൊണ്ടാണ് ഈ വിമർശനം ഉന്നയിക്കുന്നത് എന്നാണ് സൈന ക്രാമർ (2015) വാദിക്കുന്നത്. രാഷ്ട്രീയവും അതിന്റെ വ്യവസ്ഥകളും അതിനുപുറത്തെ ഭവപരതകളും മാറ്റങ്ങളും എല്ലാം കണക്കിലെടുത്താൽ ബട്‌ലർ പറയുന്ന തത്ത്വം മനസ്സിലാക്കാം. ഏത് ഭവപരതയും അതിന്റെ അപകടകരമായ അനിശ്ചിതത്വവും ദുർബല സാഹചര്യങ്ങളും മാറ്റാനായി രാഷ്ട്രീയമുന്നേറ്റ പ്രവർത്തനങ്ങളിൽ അടിസ്ഥാനപരമായി ആവശ്യമാണ് എന്നത് ബട്‌ലർ നിഷേധിക്കുന്നില്ല. പക്ഷേ, ഈ ഭവപരത, അസ്തിത്വമെന്നോ ഐഡന്റിറ്റിയെന്നോ പറയുന്ന അവസ്ഥ, താത്കാലികമാണെന്നും സാഹചര്യങ്ങൾ മാറിക്കഴിയുമ്പോൾ അതിന്റെ അടിസ്ഥാനപരത (foundationalism) ഉണ്ടാകില്ല എന്നോ, ഉണ്ടാകേണ്ടതില്ല



ആൻ മർഫി

ബോണി ഹോണിഗ്



**തത്ത്വചിന്തക എന്നതിലുപരി ബട്‌ലർ ഇതര ലൈംഗികതയുടെയും ഭിന്നലിംഗപദവികളുടെയും ജീവിതപ്രശ്നങ്ങളെ ഉന്നയിക്കുന്നതിനായി മുന്നിട്ടുപ്രവർത്തിച്ചിട്ടുള്ളയാളാണ്. അതുകൊണ്ടാണ് അവരുടെ സിദ്ധാന്തങ്ങളിൽ ആത്യന്തികമായി മാനവികതയുടെ മൂല്യങ്ങൾ കാണാൻ കഴിയുന്നത്**

എന്നോ മനസ്സിലാക്കണം എന്നുമാണ് ബട്‌ലർ ഉദ്ദേശിക്കുന്ന തത്ത്വം. ഇങ്ങനെ ഭവപരതയുടെ താത്കാലികത (provisional ontological status) എന്ന അർഥത്തിലാണ് ഇത് ഭവശാസ്ത്രനിരാസമാകുന്നതും.



സൈന ക്രാമർ

അതായത്, ലിംഗപദവി എന്ന ഒന്നില്ല എങ്കിലും അതിനായുള്ള രാഷ്ട്രീയ സാമൂഹികമുന്നേറ്റങ്ങൾക്ക് താത്കാലികമായി മാത്രമുള്ള പദവി/ഐഡന്റിറ്റി സ്ഥാപിച്ചെടുക്കേണ്ടതുണ്ടാകാം. എന്നാൽ മനുഷ്യന്റെ മനോനിലകൾ വളർന്നാൽ മാത്രമേ ലിംഗപദവിയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങൾ അവസാനിക്കൂ. ഐഡന്റിറ്റി എന്താണ്, സ്ത്രീത്വം എന്താണ്, പൗരുഷം എന്താണ് എന്നതൊക്കെയുള്ള ആശയങ്ങൾ മനസ്സിലില്ലാത്ത വിധം മനുഷ്യർ ലിംഗവൈവിധ്യത്തിനും ലിംഗപദവിവൈവിധ്യത്തിനും അതീതമാകണം എന്ന് സാരം. ജാതിയുടെയോ മതത്തിന്റെയോ വർഗത്തിന്റെയോ ഒക്കെ കാരണമുള്ള വിവേചനങ്ങളും പ്രശ്നങ്ങളും ഇല്ലാതാവണമെങ്കിൽ അതൊന്നും ഉള്ളതല്ല എന്ന വിധം മനസ്സുകൾ പ്രവർത്തിക്കണം. വൈവിധ്യങ്ങൾ കാരണം ഉണ്ടാകുന്ന വിവേചനത്തെ ഇല്ലാതാക്കാൻ വൈവിധ്യങ്ങളെക്കുറിച്ചുള്ള മനോനിലകൾതന്നെ ഇല്ലാതാക്കണം എന്ന തരത്തിലുള്ള തത്ത്വമാണ് ബട്‌ലർ മുന്നോട്ടുവയ്ക്കുന്നത്. അത്തരം മനോനിലയോടെ ജീവിക്കാൻ കഴിയുംവിധം സമൂഹം വളർന്നുവോ എന്നത് ചിന്തിക്കേണ്ട വലിയ പ്രശ്നംതന്നെയാണ്.

തത്ത്വചിന്തക എന്നതിലുപരി ബട്‌ലർ ഇതരലൈംഗികതയുടെയും ഭിന്നലിംഗപദവികളുടെയും ജീവിതപ്രശ്നങ്ങളെ ഉന്നയിക്കുന്നതിനായി അമേരിക്കയിൽ സന്നദ്ധപ്രവർത്തകസംഘങ്ങളിൽ മുന്നിട്ടുപ്രവർത്തിച്ചിട്ടുള്ളയാളാണ്. അതുകൊണ്ടാണ് അവരുടെ സിദ്ധാന്തങ്ങളിൽ ആത്യന്തികമായി മാനവികതയുടെ മൂല്യങ്ങൾ കാണാൻ കഴിയുന്നത്.■

**സൂചിതങ്ങൾ:**

Butler, Judith. 1990, Gender Trouble: Feminism and the Subversion of Identity, Routledge, NY.
Butler, Judith. 1993, Bodies That Matter: On the Discursive Limits of Sex, Routledge, NY.
Butler, Judith. 2004, Undoing Gender, Routledge, NY.
Honig Bonnie. 2010. 'Antigone's Two Laws: Greek Tragedy and the Politics of Humanism,' New Literary History 41, no. 1 (Winter): 1–33.
Kramer, Sina. 2015, Judith Butler's 'New Humanism' A Thing or Not a Thing, and So What?, philoSOPHIA, State University of New York Press, Volume 5, Number 1, Winter 2015, pp. 2540
Murphy, Ann V. 2011, 'Corporeal Vulnerability and the New Humanism', Hypatia, Vol.26, No.3, Ethics of Embodiment, Summer, pp 575590